I. ഇ.ബി. XV1-കേരള നിയമസഭ/II-8

പതിനാറാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നിയമസഭാ നടപടികൾ-സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2026 ഒക്ടോബർ 28, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

I അറിയിപ്പ്

ആയുർവേദ മെഡിക്കൽ ക്യാമ്പ് & ബിയോണ്ട് ചിപ്സ് പ്രോഡക്ട് വിതരണം

മി. സ്പീക്കർ: ആയുർവേദ ഹോസ്പിറ്റൽ മാനേജ്മെന്റ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ഇന്ന് നിയമസഭാ മന്ദിരത്തിൽ സജ്ജീകരിച്ചിട്ടുള്ള മെഡിക്കൽ ക്യാമ്പിന്റെ സൗജന്യ സേവനം നിയമസഭാ സാമാജികരും ജീവനക്കാരും പരമാവധി വിനിയോഗിക്കേണ്ടതാണ്.

കേന്ദ്ര ഗവൺമെന്റിന്റെ കാർഷിക ക്ഷേമ മന്ത്രാലയത്തിന്റെ മികച്ച സ്റ്റാർട്ടപ്പ് ആയി ആദരവ് ലഭിച്ച ശ്രീ. മാനസ് മധുവിന്റെ സ്റ്റാർട്ടപ്പ് സംരംഭമായ ബിയോണ്ട് ചിപ്സിന്റെ പ്രോഡക്ടുകൾ നിയമസഭാ സാമാജികർക്ക് വിതരണം ചെയ്യുന്നതിനായി ലെജിസ്ലേറ്റേഴ്സ് ഹോമിലും നിയമസഭാ മന്ദിരത്തിലും ലഭ്യമാക്കിയിട്ടുണ്ട്.

II നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

കിഫ്ബി പദ്ധതികളുടെ സ്തംഭനാവസ്ഥ

മി. സ്പീക്കർ: സംസ്ഥാനത്തെ വൻകിട അടിസ്ഥാന സൗകര്യവികസന പദ്ധതികൾ നടപ്പാക്കിവരുന്ന കിഫ്ബിയുടെ പ്രവർത്തനം സ്തംഭിപ്പിക്കുന്ന സർക്കാർ നിലപാടുമൂലം നിർവഹണ ഘട്ടത്തിലുള്ള പദ്ധതികളുടെ പ്രവർത്തനം സ്തംഭിച്ചതിലും അംഗീകാരം നൽകിയ പദ്ധതികളുടെ ടെൻഡർപോലും നടക്കാതെ വികസന പദ്ധതികൾ അട്ടിമറിക്കപ്പെടുന്നതുംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ചർച്ച

ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് സർവശ്രീ കെ. എൻ. ബാലഗോപാൽ, ജി. ആർ. അനിൽ, പി. കെ. പ്രവീൺ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): കിഫ്ബി പ്രവർത്തനം സ്തംഭിച്ചുവെന്ന പ്രതിപക്ഷ പ്രചാരണം വസ്തുതാവിരുദ്ധമാണ്. കിഫ്ബി മുഖേന നിർവഹണം നടന്നുകൊണ്ടിരിക്കുന്നതും പുതുതായി അനുവദിച്ചിട്ടുള്ളതുമായ 31,761 കോടി രൂപയുടെ പ്രവൃത്തികൾ തുടരുന്നതാണ്. സംസ്ഥാന സർക്കാർ വായ്പ എടുക്കുന്നതിനേക്കാൾ ഉയർന്ന പലിശ നിരക്കിൽ കിഫ്ബി പണം കടമെടുത്തതിലൂടെ സർക്കാരിന് വലിയ സാമ്പത്തിക ബാധ്യതയാണുണ്ടായിരിക്കുന്നത്. ധനകാര്യ വകുപ്പിന്റെ നിയന്ത്രണങ്ങളെ മറികടന്നാണ് കിഫ്ബി പ്രവർത്തിച്ചത്. കിഫ്ബി മുഖേനയുള്ള വികസന പദ്ധതികൾ അട്ടിമറിക്കപ്പെടുന്നുവെന്ന ആരോപണം അടിസ്ഥാനരഹിതമാണ്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസന രംഗത്തും പൊതുവികസന രംഗത്തും വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ മുൻസർക്കാരിന്റെ കാലത്ത് കിഫ്ബി പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്. സർക്കാരിന്റെ തെറ്റായ നിലപാടുകളിലൂടെ കിഫ്ബി മുഖാന്തരമുള്ള വികസന പ്രവർത്തനങ്ങൾ നിലച്ചുപോകുമെന്ന ആശങ്കയുണ്ട്. കിഫ്ബി പദ്ധതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നിയമാനുസൃതമായി പരിഹരിച്ചുകൊണ്ടാണ് എൽ.ഡി.എഫ്. സർക്കാർ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിരുന്നത്. കിഫ്ബി മുഖാന്തരം ആരംഭിച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ശ്രീ. വി. ഡി സതീശൻ: കിഫ്ബിയുടെ പ്രവർത്തനം സർക്കാരിന്റെയും ധനകാര്യ വകുപ്പിന്റെയും നിയന്ത്രണത്തിലാക്കുന്നതാണ്. കൺസോളിഡേറ്റഡ് ഫണ്ടുപയോഗിച്ച് കിഫ്ബിയുടെ കടം തീർക്കാൻ സാധിക്കുകയില്ല. സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി കേന്ദ്രം വെട്ടിക്കുറയ്ക്കുന്നതിലൂടെ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയുണ്ടാകുന്നുണ്ട്. മുൻസർക്കാർ വിവേചനപരമായാണ് കിഫ്ബിക്ക് ഫണ്ട് അനുവദിച്ചിരുന്നത്. കിഫ്ബി പദ്ധതികൾക്കുള്ള സ്ഥലം ഏറ്റെടുത്തതിലൂടെ സർക്കാരിന് കോടിക്കണക്കിന് രൂപയുടെ സാമ്പത്തിക നഷ്ടം ഉണ്ടാകുന്നുണ്ട്. കണ്ണൂരിൽ ഉയർന്ന വില നിൽകി കിഫ്ബി പദ്ധതിക്കായി എറ്റെടുത്ത ഭൂമി ഉപയോഗശൂന്യമായി കിടക്കുകയാണ്. കേരളത്തിന്റെ ധനസ്ഥിതി തകർത്ത

കിഫ്ബിയുടെ എല്ലാ ഇടപാടുകളും അന്വേഷണവിധേയമാക്കും. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവശ്രീ പിണറായി വിജയൻ, കെ. രാജൻ, പി. കെ. പ്രവീൺ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്ത് പോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

III ശ്രദ്ധ ക്ഷണിക്കൽ

(1) സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ

ശ്രീ. എം. വിൻസെന്റ്: സംസ്ഥാനത്ത് വൃക്ക രോഗികൾ വർധിക്കുന്ന സാഹചര്യത്തിൽ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കണം. ഡയാലിസിസ് കേന്ദ്രങ്ങളിലെ ജീവനക്കാരുടെ അപര്യാപ്തത പരിഹരിച്ച് നൈറ്റ് ഷിഫ്റ്റുകളും ജില്ലാ കേന്ദ്രങ്ങളിൽ സ്റ്റാൻഡ്-എലോൺ ഡയാലിസിസ് യൂണിറ്റുകളും ആരംഭിക്കണം. വൃക്കരോഗം തടയുന്നതിനായി എൻ.സി.ഡി. ക്ലിനിക്കുകളുടെ ഗുണനിലവാരം ഉയർത്തിക്കൊണ്ട് ഡയബറ്റിക് പരിശോധനയും കൃത്യമായ നിരീക്ഷണവും ഉറപ്പാക്കണം. ആശുപത്രികളിൽ ഉപയോഗിക്കാതെ കിടക്കുന്ന ഡയാലിസിസ് മെഷീനുകൾ പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും 112 സർക്കാർ ആശുപത്രികളിലും ചില സി.എച്ച്.സി.-കളിലും നിലവിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഡയാലിസിസിനിടെ ഉണ്ടാകാൻ സാധ്യതയുള്ള ആരോഗ്യപ്രശ്നങ്ങൾ കൈകാര്യം ചെയ്യാനാവശ്യമായ സംവിധാനങ്ങൾ എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ഇല്ലാത്തതിനാൽ അവിടെ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല. 24 മണിക്കൂറും പ്രവർത്തിക്കുന്ന ആവശ്യമായ സൗകര്യങ്ങളുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ മാനവ വിഭവശേഷികൂടി കണക്കിലെടുത്ത് ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതാണ്.

2. 2025-ലെ കേരള ഏക കിടപ്പാടം സംരക്ഷണ നിയമം

ശ്രീ. പി. പി. സുമോദ്: 2025-ലെ കേരള ഏക കിടപ്പാടം സംരക്ഷണ നിയമം നടപ്പാക്കുന്നതിനും ജപ്തി നടപടിമൂലം കുടിയിറക്കപ്പെടുന്ന കുടുംബങ്ങളെ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): 2025-ലെ കേരള ഏക കിടപ്പാടം സംരക്ഷണ നിയമം നടപ്പാക്കുന്നതിനായി 'കേരള കിടപ്പാടം സംരക്ഷണ നിധി' , ജില്ലാ-സംസ്ഥാനതല കിടപ്പാടം സംരക്ഷണ സമിതി, കേരള സംസ്ഥാനതല കിടപ്പാടം സംരക്ഷണ സെൽ എന്നിവ രൂപീകരിക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്.

IV സബ്മിഷൻ

(1) കേരള ലോട്ടറിയുടെ വ്യാജ വിപണനം

ശ്രീ. സുമേഷ് അച്ചുതൻ: കേരള ലോട്ടറിയുടെ അനധികൃത ഓൺലൈൻ വില്പന തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): കേരള പേപ്പർ ലോട്ടറിയുടെ മറവിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതിക വിദ്യയിലൂടെ വ്യാജ ലോട്ടറി ടിക്കറ്റ് നിർമ്മിച്ച് വില്പന നടത്തുന്നവർക്കെതിരെ ലോട്ടറി, പോലീസ് വകുപ്പുകൾ കർശന നടപടി സ്വീകരിക്കുന്നുണ്ട്.

(2) പൂഞ്ഞാർ പാക്കേജ്

ശ്രീ. സെബാസ്റ്റ്യൻ എം. ജെ.: പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ഉരുൾപൊട്ടൽമൂലം നാശനഷ്ടങ്ങളുണ്ടായവർക്കായി പ്രത്യേക സാമ്പത്തിക പാക്കേജ് പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ഉരുൾപൊട്ടൽമൂലമുണ്ടായ നാശനഷ്ടങ്ങൾ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ തിട്ടപ്പെടുത്തുകയും അടിയന്തര പുനരധിവാസ-അടിസ്ഥാനസൗകര്യ പുനഃസ്ഥാപന പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പൂഞ്ഞാറിൽ ഒരു സ്പെഷ്യൽ പാക്കേജ് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(3) വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഗതാഗത വികസനം

ശ്രീ. ടോണി ചമ്മണി: വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഗതാഗതപ്രശ്നം പരിഹരിക്കുന്നതിനായി സമഗ്ര ഗതാഗത വികസന പദ്ധതി തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): അഴീക്കോട്-മുനമ്പം പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം പൂർത്തിയാകുന്നമുറയ്ക്ക് വൈപ്പിനിലെ ഗതാഗത തിരക്ക് കുറയ്ക്കാൻ സാധിക്കുന്നതാണ്. നായരമ്പലം-ഹെർബർട്ട് പാലത്തിന്റെ പുനർനിർമ്മാണത്തിന് സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. ഗോശ്രീ സമാന്തരപാലം നിർമ്മാണം സർക്കാരിന്റെ പരിഗണനയിലാണ്. വൈപ്പിനിലെ ടൂറിസം സാധ്യതയും വികസന പ്രവർത്തനങ്ങളും കണക്കിലെടുത്ത് വൈപ്പിൻ റോഡ് കണക്ടിവിറ്റിക്ക് മുൻഗണന നൽകുന്നതാണ്.

(4) ശ്രീകാര്യം ഫ്ലൈഓവർ

ശ്രീ. വി. മുരളീധരൻ: തിരുവനന്തപുരം ജില്ലയിലെ ശ്രീകാര്യം ഫ്ലൈഓവറിന്റെ നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): ശ്രീകാര്യം ഫ്ലൈ ഓവർ നിർമ്മാണത്തിന്റെ ഡിസൈനും പ്ലാനും തയ്യാറാക്കുന്നതിനായി പുതിയ ഏജൻസിയെ നിയമിക്കുന്നതിന് കെ.എം.ആർ.എൽ. ടെൻഡർ നടപടി സ്വീകരിച്ചിട്ടുണ്ട്. പദ്ധതി പ്രദേശത്ത് സ്ഥാപിച്ച പുതിയ പൈപ്പ്ലൈനുകൾ നിലവിലുള്ളവയുമായി ബന്ധിപ്പിക്കുന്ന പ്രവൃത്തി വേഗത്തിൽ പൂർത്തിയാക്കുമെന്ന് വാട്ടർ അതോറിറ്റി അറിയിച്ചിട്ടുണ്ട്. ഫ്ലൈ ഓവർ നിർമ്മാണത്തിനായി ശ്രീകാര്യം ജങ്ഷനിലെ ശ്രീനാരായണഗുരു മന്ദിരവും അയ്യങ്കാളി പ്രതിമയും അടിയന്തരമായി മാറ്റി സ്ഥാപിക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്.

(5) കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലേക്ക് വെഹിക്കിൾ ഓവർപാസ്സ്

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ: ദേശീയപാത 66-ൽനിന്നും കാഞ്ഞങ്ങാട് ജില്ലാശുപത്രിയിലേക്ക് വെഹിക്കിൾ ഓവർപാസ്സ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): ദേശീയപാത 66-ൽനിന്നും കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലേക്ക് വെഹിക്കിൾ ഓവർപാസ്സ് പ്രായോഗികമല്ലെന്ന് നാഷണൽ

ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ അറിയിച്ചിട്ടുണ്ട്. പ്രസ്തുത നിർമ്മാണത്തിനായി എൻ.എച്ച്.എ.ഐ.-ൽ സമ്മർദം ചെലുത്തുന്നതാണ്.

(6) ബാലരാമപുരം റെയിൽവേ മേൽപ്പാലം

ശ്രീ. എം. വിൻസെന്റ്: ബാലരാമപുരം റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): ബാലരാമപുരം റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ കൺസൾട്ടന്റായ റൈറ്റ്സ് (RITES Ltd.) അന്തിമ ഡി.പി.ആർ. സമർപ്പിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ സാമ്പത്തിക അനുമതിക്കായി പ്രൊപ്പോസൽ സമർപ്പിക്കുന്നതാണ്.

(7) അഴിയൂർ-വെങ്ങളം റീച്ച്

ശ്രീമതി കെ. കെ. രമ: ദേശീയപാത 66-ലെ അഴിയൂർ-വെങ്ങളം റീച്ചിന്റെ നിർമ്മാണത്തിലെ കാലതാമസവും അടിപ്പാതകളുടെയും മേൽപ്പാലങ്ങളുടെയും അഭാവത്താലുണ്ടാകുന്ന ഗതാഗതക്കുരുക്കും ഡ്രെയിനേജ് സംവിധാനങ്ങളുടെ കുറവും പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): അഴിയൂർ-വെങ്ങളം റീച്ചിന്റെ നിർമ്മാണ പ്രവൃത്തി രണ്ടുതവണ ടെർമിനേറ്റ് ചെയ്തതിനെത്തുടർന്ന് ഗൾഫാർ എഞ്ചിനീയറിങ് കമ്പനിയെ ഏൽപ്പിക്കുകയും 13 ഭാഗങ്ങളിലായി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റിലും ഡിസൈനിലും മാറ്റങ്ങൾ വന്നതുമൂലമുണ്ടായ പ്രശ്നങ്ങൾ പരിഹരിക്കുന്നതും കളക്ടറുടെ അക്കൗണ്ടിലേക്ക് എൻ.എച്ച്.എ.ഐ. പണം ഡെപ്പോസിറ്റ് ചെയ്യുന്നമുറയ്ക്ക് ഡ്രെയിനേജ് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതുമാണ്.

(8) ആറ്റിങ്ങൽ മാമം-കല്ലമ്പലം ദേശീയപാത നവീകരണം

ശ്രീമതി ഒ. എസ്. അംബിക: ആറ്റിങ്ങൽ മാമം മുതൽ കല്ലമ്പലം വരെയുള്ള ദേശീയപാത നവീകരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): 3 കോടി 85 ലക്ഷം രൂപയുടെ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റിന് എൻ.എച്ച്.എ.ഐ.-യുടെ അനുമതി ലഭിച്ചതിനെത്തുടർന്ന്

സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ഉടൻതന്നെ ടെൻഡർ ചെയ്ത് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

(9) പോളിടെക്നിക് ചോദ്യപേപ്പർ ചോർച്ച

ശ്രീ. സജി ചെറിയാൻ: പോളിടെക്നിക്കുകളില ഡിപ്ലോമ പരീക്ഷയിലെ ചോദ്യ പേപ്പർ ചോർച്ചയെക്കുറിച്ച് അന്വേഷിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. റോജി എം. ജോൺ): പോളിടെക്നിക്കുകളിലെ ഡിപ്ലോമ പരീക്ഷയുടെ ചോദ്യ പേപ്പർ ചോർന്നിട്ടില്ല. സ്റ്റേറ്റ് ബോർഡ് ഓഫ് ടെക്നിക്കൽ എഡ്യുക്കേഷൻ പോർട്ടൽ മുഖേനയാണ് ചോദ്യപേപ്പറുകൾ സ്ഥാപനങ്ങൾക്ക് കൈമാറുന്നത്. പോർട്ടലിന് സാങ്കേതിക പ്രശ്നമുണ്ടായാൽ പരീക്ഷ മുടക്കം കൂടാതെ നടത്തുന്നതിനാണ് സ്ഥാപനങ്ങളുടെ ഔദ്യോഗിക ഇ-മെയിലേക്ക് ചോദ്യ പേപ്പർ അയച്ചത്.

(10) മണലൂർ ഫയർ സ്റ്റേഷൻ

പ്രൊഫ. സി. രവീന്ദ്രനാഥ്: മണലൂർ നിയോജകമണ്ഡലത്തിൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി(ശ്രീ. രമേശ് ചെന്നിത്തല): ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള മുൻഗണനാ പട്ടികയിൽ മണലൂരിനെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(11) കനാൽ പുനർ നിർമ്മാണം

ശ്രീ. കെ. എൻ. ബാലഗോപാൽ: കൊട്ടാരക്കര മണ്ഡലത്തിലെ വെളിയം പഞ്ചായത്തിൽ ഉൾപ്പെടുന്ന ചെപ്ര ഭാഗത്തെ കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ ഓയൂർ ബ്രാഞ്ച് കനാൽ പുനർനിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): കനാൽ പുനർനിർമ്മാണത്തിനാവശ്യമായ പ്രാഥമിക പരിശോധനകളും സർവേ നടപടികളും പൂർത്തിയാക്കുകയും ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ വിദഗ്ധ സംഘം സ്ഥലം സന്ദർശിച്ച് സാങ്കേതിക റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. റവന്യൂ, സർവേ വിഭാഗങ്ങൾ കനാൽ ഭൂമി അളന്ന് അതിർത്തി കല്ലുകൾ സ്ഥാപിക്കുകയും സർവേ പൂർത്തിയാക്കുകയും സോയിൽ ടെസ്റ്റിങ്ങിന് ആറ് ലക്ഷം രൂപയുടെ സാമ്പത്തികാനുമതി നൽകി ടെൻഡർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. തകർന്ന കനാൽ ഭാഗവും ബണ്ടും

പുനർനിർമ്മിക്കുന്നതിനുള്ള 2.5 കോടി രൂപയുടെ വിശദമായ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകി തുടർനടപടികൾ വേഗത്തിലാക്കുന്നതാണ്.

(12) ജീവിതശൈലീ രോഗ പ്രതിരോധ പദ്ധതി

ശ്രീ. ആര്യാടൻ ഷൗക്കത്ത്: വിഷാംശമുള്ള ഭക്ഷണ സാധനങ്ങൾ കൃത്യമായി പരിശോധിച്ച് നിയന്ത്രിക്കാനും ജീവിതശൈലീ രോഗങ്ങൾ ബാധിച്ചവരുടെ തുടർചികിത്സ 'ഹൃദയരാഗം' പദ്ധതിയിലുൾപ്പെടുത്താനും ആവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): ജീവിതശൈലീ രോഗങ്ങൾ നേരത്തെ കണ്ടെത്തി നിയന്ത്രിക്കുന്നതിനും രോഗ സങ്കീർണ്ണതകൾ കുറയ്ക്കുന്നതിനുമായി 18 വയസ്സിന് മുകളിലുള്ളവരിൽ രോഗനിർണ്ണയം നടത്തുന്നതിനാണ് ഹൃദയരാഗം പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. പ്രാരംഭഘട്ടത്തിൽ നിലമ്പൂർ, ഇടുക്കി, വട്ടിയൂർക്കാവ് നിയോജകമണ്ഡലങ്ങളിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടത്തുന്ന പദ്ധതി ഘട്ടംഘട്ടമായി സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. രോഗസാധ്യത അനുസരിച്ച് വ്യക്തികളെ തരംതിരിച്ച് ആവശ്യമായ പരിശോധനയും ചികിത്സയും ഉറപ്പാക്കുന്നതിനും ഡിജിറ്റൽ ആരോഗ്യ രേഖകളിലൂടെ തുടർപരിചരണം ഏകോപിപ്പിക്കുന്നതിനും പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ജീവിതശൈലീ രോഗപ്രതിരോധം, നേരത്തെയുള്ള രോഗ നിർണ്ണയം, സമയബന്ധിതമായ ചികിത്സ, തുടർ പരിചരണം, സൗജന്യവും ചെലവുകുറഞ്ഞതുമായ ഡയാലിസിസ് സേവനങ്ങളുടെ ലഭ്യത എന്നിവ ഉറപ്പാക്കുന്നതിനാണ് സർക്കാർ മുൻഗണന നൽകുന്നത്.

(13) താനൂർ താലൂക്ക് സി.എച്ച്.സി.-ൽ കിടത്തി ചികിത്സ

ശ്രീ. പി. കെ. നവാസ്: താനൂർ താലൂക്കാശുപത്രിയിൽ കിടത്തി ചികിത്സാ സൗകര്യം ഏർപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): താനൂർ സി.എച്ച്.സി.-യെ താലൂക്ക് ആസ്ഥാന ആശുപത്രിയായി ഉയർത്തുന്നതിന്റെ ഭാഗമായി പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ നടന്നുവരികയാണ്. മൂന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി നവകേരള വികസന പദ്ധതിയിലുൾപ്പെടുത്തി 7 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആശുപത്രി ഉപകരണങ്ങൾക്കായുള്ള പ്രൊപ്പോസൽ തയ്യാറാക്കാനായി കെ.എം.എസ്.സി.എൽ. മാനേജിങ് ഡയറക്ടർക്കും എൻ.എച്ച്.എം. ബയോമെഡിക്കൽ എഞ്ചിനീയർക്കും നിർദേശം നൽകിയിട്ടുണ്ട്. താനൂർ താലൂക്കാശുപത്രിയിലെ ഒ.പി. വിഭാഗം പണി പൂർത്തിയാകാത്ത

പുതിയ കെട്ടിടത്തിന്റെ താഴത്തെ നിലയിലേക്ക് മാറ്റിയിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ച ഐസൊലേഷൻ വാർഡിന്റെ അറ്റകുറ്റപ്പണികൾ പൂർത്തിയാകുന്നമുറയ്ക്ക് കിടത്തിചികിത്സ ആരംഭിക്കാൻ സാധിക്കും.

(14) സർജിക്കൽ ബ്ലോക്ക് നിർമ്മാണത്തിലെ അപാകത

ശ്രീ. നാട്ടകം സുരേഷ്: കോട്ടയം മെഡിക്കൽ കോളേജിലെ സർജിക്കൽ ബ്ലോക്ക് നിർമ്മാണത്തിലുണ്ടായ അപാകതകൾ വിദഗ്ധ സമിതിയെ നിയോഗിച്ച് പരിശോധിക്കാനും രോഗികളുടെയും ജീവനക്കാരുടെയും ജീവന് ഭീഷണിയുയർത്തുന്ന ഇലക്ട്രിക്കൽ, സിവിൽ തകരാറുകൾ അടിയന്തരമായി പരിഹരിക്കാനും നിർമ്മാണ കമ്പനിയെ കരിമ്പട്ടികയിൽപ്പെടുത്താനും അഴിമതി നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്താനുമാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): കോട്ടയം മെഡിക്കൽ കോളേജിലെ സർജിക്കൽ ബ്ലോക്ക് നിർമ്മാണത്തിൽ കണ്ടെത്തിയ അപാകതകൾ പരിഹരിക്കുന്നതിന് നിർവഹണ ഏജൻസിയായ HITES Ltd.-ന് നിർദ്ദേശം നൽകിയെങ്കിലും പരിഹരിച്ചതായിട്ടുള്ള റിപ്പോർട്ട് ഇതുവരെ ലഭ്യമാക്കിയിട്ടില്ല. സർജിക്കൽ ബ്ലോക്കിലെ സീലിങ് അടർന്നുവീണത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. പുതിയ സർജിക്കൽ ബ്ലോക്കിന്റെ നിർമ്മാണത്തിലും മെറ്റീരിയലുകളുടെ ഗുണനിലവാരത്തിലും വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്നും സീലിങ്, ഇലക്ട്രിക്കൽ, പ്ലംബിങ് സംവിധാനങ്ങളിലുൾപ്പെടെയുള്ള അപാകതകൾ പരിഹരിച്ചിട്ടുണ്ടോ എന്നും കിഫ്ബി പ്രോജക്ട് അഡ്വൈസറുടെ നേതൃത്വത്തിൽ വിദഗ്ധ സംഘത്തെ നിയോഗിച്ച് പരിശോധിക്കുന്നതിനും അറ്റകുറ്റപ്പണികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണ്.

(15) നാദാപുരം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്റർ

ശ്രീ. കെ. എം. അഭിജിത്ത്: നാദാപുരം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): നാദാപുരം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള കെട്ടിടത്തിന്റെയും അനുബന്ധ സൗകര്യങ്ങളുടെയും നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. പത്ത് ഹീമോ ഡയാലിസിസ് മെഷീനുകൾ റണ്ണിങ് കോൺട്രാക്ടിൽ സ്ഥാപിക്കുന്നതിനുള്ള

നടപടികൾ അന്തിമഘട്ടത്തിലാണ്. നടപടിക്രമങ്ങൾ പൂർത്തിയാകുന്നമുറയ്ക്ക് മെഷീനുകൾ വിതരണം ചെയ്യുന്നതിനും ആർ.ഒ. പ്ലാന്റ് സ്ഥാപിച്ച് ഡയാലിസിസ് യൂണിറ്റ് പ്രവർത്തന സജ്ജമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(16) പോസ്റ്റ്മോർട്ടം നടപടികൾക്ക് ഏകീകൃത പ്രോട്ടോകോൾ

ശ്രീ. ഫൈസൽ ബാബു: പോസ്റ്റ്മോർട്ടം നടപടികൾക്ക് ഏകീകൃത പ്രോട്ടോകോൾ രൂപീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): കേരള മെഡിക്കോ ലീഗൽ കോഡുപ്രകാരം പോസ്റ്റ്മോർട്ടം നടത്തുന്നതിനുള്ള സാധാരണ സമയം രാവിലെ 9 മുതൽ വൈകുന്നേരം 5 മണി വരെയാണ്. ഒരു മെഡിക്കോ ലീഗൽ പോസ്റ്റ്മോർട്ടം പൂർത്തിയാകുന്നതിന് ഒരു മണിക്കൂർ സമയം ആവശ്യമായതിനാൽ വൈകുന്നേരം 4 മണിക്കുശേഷം ലഭിക്കുന്ന അപേക്ഷകൾ അന്നേദിവസം സ്വീകരിക്കാറില്ലെങ്കിലും പ്രത്യേക സാഹചര്യങ്ങളിൽ നിശ്ചിത സമയ പരിധിക്കുശേഷവും പോസ്റ്റ്മോർട്ടം നടത്തുന്നതിനുള്ള വ്യവസ്ഥകൾ നിലവിലുണ്ട്. രാത്രികാല പോസ്റ്റ്മോർട്ടം നടത്തുന്നതിനാവശ്യമായ സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശകൾ പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

(17) തിരൂർ മിനി സിവിൽ സ്റ്റേഷന്റെ ശോച്യാവസ്ഥ

ശ്രീ. കുറുക്കോളി മൊയ്തീൻ: ശോച്യാവസ്ഥയിലായ തിരൂർ മിനി സിവിൽ സ്റ്റേഷൻ കെട്ടിടം നവീകരിക്കാനാവശ്യമായ ഫണ്ട് അനുവദിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): തിരൂർ മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിന്റെ സ്ട്രക്ചറൽ സ്റ്റെബിലിറ്റി സംബന്ധിച്ച് കോഴിക്കോട് എൻ.ഐ.ടി.-യിൽനിന്നും റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. മിനി സിവിൽ സ്റ്റേഷനോടനുബന്ധിച്ച് പുതിയ ബ്ലോക്ക് നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാൻ പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഫണ്ട് ലഭ്യതയ്ക്കനുസൃതമായി പ്രസ്തുത പദ്ധതി യാഥാർഥ്യമാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(18) ഏലം കർഷകരുടെ പാട്ടം പുതുക്കി നൽകൽ

ശ്രീ. സേനാപതി വേണു: ഇടുക്കി ജില്ലയിൽ ഏലം കൃഷിക്കായി അനുവദിച്ചിട്ടുള്ള ഭൂമിക്ക് 20 വർഷത്തേക്ക് പാട്ടം പുതുക്കി നൽകാനും പാട്ടസംഖ്യ കാലോചിതമായി പരിഷ്കരിക്കാനും നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): ഇടുക്കി ജില്ലയിലെ 31 വില്ലേജുകളിലായി 10770.11 ഹെക്ടർ ഏലത്തോട്ട ഭൂമിക്ക് 20 വർഷക്കാലാവധിയിൽ പാട്ടം അനുവദിച്ചിരുന്നത് ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിനെത്തുടർന്ന് നിർത്തിവച്ചിരിക്കുകയാണ്. പാട്ട സംഖ്യ ഈടാക്കുന്നത് വർധിപ്പിക്കുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. ഭൂമി സംബന്ധമായ പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കുന്നതാണ്.

(19) അധ്യാപകർക്ക് ഗ്രേഡ് അനുവദിക്കുന്നതിലെ തടസ്സം

ശ്രീ. പി. മമ്മിക്കുട്ടി: അധ്യാപകർക്ക് കെ-ടെറ്റ് നിർബന്ധമാക്കിയതിനെത്തുടർന്ന് നിർത്തലാക്കിയ ഗ്രേഡ് പുനഃസ്ഥാപിക്കാനും ഡയറ്റ് സ്കൂളുകളിലെ അധ്യാപകർക്ക് മുടങ്ങിയ ശമ്പളം ലഭ്യമാക്കാനുമുള്ള നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. എൻ. ഷംസുദ്ദീൻ): ദേശീയ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെയും സുപ്രീംകോടതി വിധിയുടെയും അടിസ്ഥാനത്തിൽ സ്കൂളുകളിലെ അധ്യാപകർക്ക് കെ-ടെറ്റ് യോഗ്യത നിർബന്ധമാക്കിയെങ്കിലും ഗ്രേഡ്, ഇൻക്രിമെന്റ് തുടങ്ങിയവ അനുവദിക്കുന്നതിന് പ്രസ്തുത യോഗ്യത തടസ്സമല്ലാത്തതിനാൽ അതുസംബന്ധിച്ച സ്പഷ്ടീകരണ ഉത്തരവ് ഉടൻതന്നെ പുറപ്പെടുവിക്കുന്നതാണ്. 01-09-2025-നുമുമ്പ് നിയമനാംഗീകാരം ലഭിച്ച അധ്യാപകരുടെ അർഹതപ്പെട്ട ഗ്രേഡ്, ഇൻക്രിമെന്റ് എന്നിവ അനുവദിക്കാനും തീരുമാനമെടുത്തിട്ടുണ്ട്. എസ്.എസ്.കെ. ഫണ്ട് സമയബന്ധിതമായി ലഭ്യമാകാത്തതിനാലാണ് ഡയറ്റ് സ്കൂളുകളിലെ അധ്യാപകർക്ക് ശമ്പളം മുടങ്ങുന്ന സാഹചര്യമുണ്ടായത്. എത്രയുംവേഗം പ്രശ്നം പരിഹരിക്കുന്നതാണ്.

(20) മൺട്രോ തുരുത്ത് ടൂറിസം പദ്ധതി

ശ്രീ. ഉല്ലാസ് കോവൂർ: കുന്നത്തൂർ നിയോജകമണ്ഡലത്തിലെ മൺട്രോ തുരുത്തിൽ പരിസ്ഥിതി സൗഹൃദ ടൂറിസം പദ്ധതികൾക്കുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കാനും ഭൗതിക സാഹചര്യങ്ങളൊരുക്കി സർക്കാർ തലത്തിൽ ടൂറിസം പദ്ധതി നടപ്പാക്കാനും നടപടി സ്വീകരിക്കണം.

വിനോദസഞ്ചാര-സാംസ്കാരിക വകുപ്പുമന്ത്രി (ശ്രീ. പി. സി. വിഷ്ണുനാഥ്): മൺട്രോ തുരുത്തിനുവേണ്ടി ബജറ്റിൽ 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മൺട്രോ തുരുത്തിന്റെ തനത്

പൈതൃകവും പരിസ്ഥിതിയും സംരക്ഷിച്ചുകൊണ്ട് കായൽ ടൂറിസം, പൈതൃക ടൂറിസം, ഉത്തരവാദിത്ത ടൂറിസം എന്നിവ നടപ്പാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(21) ക്ഷീരമേഖല നേരിടുന്ന പ്രതിസന്ധി

ശ്രീ. എം. ആർ. ബൈജു: കേരളത്തിലെ ക്ഷീരകർഷകർ നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിനും ക്ഷീരമേഖലയുടെ നിലനിൽപ്പ് ഉറപ്പാക്കുന്നതിനും കന്നുകാലികളുടെ ഇൻഷ്വറൻസ് പരിരക്ഷ പൂർണ്ണമായും സൗജന്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

തൊഴിൽ, മൃഗസംരക്ഷണ-വനിതാ ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി ചിഞ്ചു റാണി): ക്ഷീര സഹകരണ സംഘങ്ങൾ മുഖേന ക്ഷീര കർഷകർക്ക് തീറ്റപ്പുല്ല്, സൈലേജ്, വൈക്കോൽ, ഉണക്കപ്പുല്ല്, ടി.എം.ആർ. തുടങ്ങിയവ സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നതിന് ആറ് കോടി എഴുപത് ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ക്ഷീര സഹകരണ സംഘങ്ങൾ വഴി കർഷകർക്ക് നേരിട്ട് കുറഞ്ഞ നിരക്കിൽ ഗുണമേന്മയുള്ള കാലിത്തീറ്റ ലഭ്യമാക്കുന്നതിലൂടെ പാലുല്പാദന ചെലവ് നിയന്ത്രിക്കാനും വേനൽക്കാലത്ത് തീറ്റപ്പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യത ഉറപ്പാക്കാനും സാധിക്കുന്നതാണ്. ക്ഷീര സംഘങ്ങളെ ഡിജിറ്റലൈസ് ചെയ്യുന്നതിനായി ആവിഷ്കരിച്ച ക്ഷീരശ്രീ പദ്ധതിക്ക് 18 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഉരുക്കളെ വാങ്ങുന്ന പദ്ധതിയിൽ 2026-27-ൽ 6500 ഉരുക്കളെ അധികമായി വാങ്ങാൻ ലക്ഷ്യമിടുന്നുണ്ട്.

(22) കാട്ടാക്കട മത്സ്യമാർക്കറ്റ് നവീകരണം

ശ്രീ. ജി. സ്റ്റീഫൻ: പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ കാട്ടാക്കട പബ്ലിക് മത്സ്യ മാർക്കറ്റ് നവീകരിക്കുന്നതിനും മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. എം. ഷാജി): കാട്ടാക്കട പബ്ലിക് മത്സ്യമാർക്കറ്റിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ശുചിത്വപൂർണ്ണവും സൗകര്യപ്രദവുമായ വിപണനാന്തരീക്ഷം ഉറപ്പാക്കുന്നതിനും ആവശ്യമായ വികസന പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനവുമായി ഏകോപിപ്പിച്ച് നടപ്പാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(23) കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ഇളവ്

ശ്രീ. കല്ലട മാഹിൻ: കാസർഗോഡ് ജില്ലയിലെ എം. ജി. റോഡ് വികസനത്തിന് സൗജന്യമായി ഭൂമി വിട്ടുനൽകുന്ന ഉടമകൾക്ക് കെട്ടിട നിർമ്മാണത്തിന് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. എം. ഷാജി): നിലവിലുള്ള ആനുകൂല്യങ്ങൾക്കുപുറമെ ഇളവുകൾ നൽകുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിലെ സാങ്കേതിക ബുദ്ധിമുട്ടുകളെക്കുറിച്ച് പരിശോധിക്കുന്നതാണ്.

IV 113-ാം ചട്ടമനുസരിച്ചുള്ള ഹർജി സമർപ്പണം

കടൽ ദുരന്തം

സംസ്ഥാനത്ത് 2026 ജൂലൈ അവസാനവാരത്തിലുണ്ടായ കടൽ ദുരന്തം സംബന്ധിച്ചുള്ള മുൻ നിയമസഭാംഗം ടി.ജെ. ആഞ്ചലോസിന്റെ ഹർജി ശ്രീ. കെ. രാജൻ സമർപ്പിച്ചു.

V റിപ്പോർട്ട് സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു.

(1) 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I, II, III, IV, VI, VII, IX, XI, XII, XIII എന്നിവയുടെ അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻടേക്കൺ റിപ്പോർട്ടും 2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും.

(2) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഒന്ന് മുതൽ എട്ട് വരെയുള്ള റിപ്പോർട്ടുകൾ

(3) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഒന്ന് മുതൽ പതിനാല് വരെയുള്ള റിപ്പോർട്ടുകൾ

(4) ഹർജികൾ സംബന്ധിച്ച സമിതിയുടെ ഒന്നാമത്തെയും രണ്ടാമത്തെയും റിപ്പോർട്ടുകൾ

(5) ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്

(6) പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്

(7) മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്.

VI നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപവും അനന്തരഘട്ടങ്ങളും

(i) 2026-ലെ കേരളം മാരിടൈം ബോർഡ് (ഭേദഗതി) ബിൽ

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2026-ലെ കേരളം മാരിടൈം ബോർഡ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. എൻ. ബാലഗോപാൽ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. മറ്റ് സർക്കാർ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ അവകാശം വ്യവസായം, ലോജിസ്റ്റിക്സ്, മറ്റ് അനുബന്ധ കാര്യങ്ങൾ എന്നിവയ്ക്കായി മാരിടൈം ബോർഡിന് കൈമാറുന്നതിനുള്ള ഭേദഗതി അപകടകരമാണ്. തുറമുഖ ഇതര തീരദേശ ഭൂമി ഉൽപാദനപരമായി ഉപയോഗിക്കാനാവശ്യമായ നടപടിയുണ്ടാകണം.

ശ്രീ. പി. കെ. പ്രവീൺ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. പി.പി.പി. വ്യവസ്ഥയിലുള്ള പദ്ധതികളുടെ കരാർ 30 വർഷ കരാർ കാലാവധിക്കുശേഷം ടെൻഡർ വിളിക്കാതെ ദീർഘിപ്പിച്ചുനൽകാനുള്ള ഭേദഗതി ആശങ്കാജനകമാണ്. പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് ബില്ലിൽ പരാമർശമില്ല. താൽക്കാലിക ജീവനക്കാർക്ക് സർക്കാർ ജീവനക്കാരുടേതിന് സമാനമായ സേവന-വേതന അവകാശങ്ങളും പരിരക്ഷയും നൽകുന്നത് സർക്കാരിന് സാമ്പത്തിക ബാധ്യത സൃഷ്ടിക്കും.

ശ്രീ. കെ. രാജൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. കേരളത്തിന്റെ സമുദ്രമേഖലയെയും തുറമുഖങ്ങളെയും സ്വകാര്യ കുത്തകകൾക്ക് അടിയറവയ്ക്കാനുള്ള ഭേദഗതി നിർദേശങ്ങളാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. മുഖ്യമന്ത്രി മാരിടൈം ബോർഡിന്റെ ചെയർപേഴ്സണാകുന്നതോടെ ഏതെങ്കിലും സ്വകാര്യ കൺസെഷനെയർക്കെതിരെ സർക്കാരിൽ അപ്പീൽ നൽകാനുള്ള പൊതുജനങ്ങളുടെ അവസരം നിഷേധിക്കപ്പെടുകയാണ്. പി.പി.പി. വ്യവസ്ഥയിലുള്ള പദ്ധതികളുടെ 30 വർഷ കരാർ കാലാവധി കഴിയുമ്പോൾ ടെൻഡർ വിളിക്കാതെ കരാർ ദീർഘിപ്പിച്ചുനൽകാനുള്ള ഭേദഗതി ആശങ്കാജനകമാണ്.

തീരദേശത്തെ സ്പെഷ്യൽ ഏരിയകളായി പ്രഖ്യാപിച്ച് സ്പെഷ്യൽ പ്ലാനുകൾ നടപ്പാക്കുമെന്ന ഭേദഗതി ഗ്രാമപഞ്ചായത്തുകളുടെ അവകാശങ്ങൾ വെട്ടിച്ചുരുക്കുന്നതും സാധാരണക്കാരുടെ പണം ഓഹരി വിപണിക്ക് വിട്ടുനൽകുന്നതിന് ഇടയാക്കുന്നതുമാണ്. പരമ്പരാഗത മത്സ്യബന്ധന യാനങ്ങളുടെ സഞ്ചാരസ്വാതന്ത്ര്യവും ലാൻഡിങ് അവകാശങ്ങളും നിയമപരമായി സംരക്ഷിക്കപ്പെടണം. അശാസ്ത്രീയ ഡ്രഡ്ജിങ്ങും കോൺക്രീറ്റ് നിർമ്മിതികളും കടൽക്ഷോഭത്തിനും തീരശോഷണത്തിനും ഇടയാക്കും. മത്സ്യത്തൊഴിലാളി പ്രതിനിധികളെയും ജനപ്രതിനിധികളെയും ഉൾപ്പെടുത്തി മാരിടൈം ബോർഡ് പുനഃസംഘടിപ്പിക്കണം. തീരദേശഭൂമി സ്വകാര്യ കോർപ്പറേറ്റുകൾക്ക് നൽകുന്ന "സംസ്ഥാന മാരിടൈം ലാൻഡ് ബാങ്ക്" വ്യവസ്ഥ ഒഴിവാക്കി പൊതുമേഖലാ ഉപയോഗങ്ങൾക്ക് മുൻഗണന നൽകുന്ന സംവിധാനമുണ്ടാകണം. സി. ആൻഡ് എ.ജി. ഓഡിറ്റും നിയമസഭാ സമിതികളുടെ പരിശോധനയും നിർബന്ധമാക്കുന്ന വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തണം. മത്സ്യത്തൊഴിലാളികളുടെ തൊഴിലും കിടപ്പാടവും സംരക്ഷിക്കുന്നതിനുള്ള വ്യവസ്ഥകളൊന്നും ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല. തീരപ്രദേശം കേന്ദ്രീകരിച്ചുള്ള പദ്ധതികളുടെ ഭാഗമായി നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ തീരശോഷണത്തിനും കടൽക്ഷോഭത്തിനും കാരണമാവുകയും മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും. സർക്കാർ നിയന്ത്രണങ്ങളും പരിശോധനകളും ലഘൂകരിച്ചുകൊണ്ട് കൺസെഷനെയർമാർക്കും സ്വകാര്യ നിക്ഷേപകർക്കും തീരദേശ ഭൂമി യഥേഷ്ടം കൈമാറാനുള്ള ബില്ലിലെ വ്യവസ്ഥ തീരദേശവാസികളെ ആശങ്കയിലാഴ്ത്തുന്നതാണ്. തീരദേശത്തെ സർക്കാർ ഭൂമി ഏറ്റെടുത്ത് പ്രാദേശിക ഭരണകൂടങ്ങളുടെ അനുമതിയില്ലാതെ വ്യവഹാരം ചെയ്യാമെന്നതും നിയമപരമല്ലാത്ത പ്രവർത്തനങ്ങളുണ്ടായാൽ സർക്കാരിന്റെയും മാരിടൈം ബോർഡിന്റെയും അധികാരങ്ങൾ കുറയുമെന്നതും ആശങ്കാജനകമാണ്.

ശ്രീ. സി. കെ. കാസിം: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2026-ലെ കേരളം മാരിടൈം ബോർഡ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മത്സ്യത്തൊഴിലാളികൾക്കും തീരദേശവാസികൾക്കും ഏറെ നേട്ടങ്ങൾ കൈവരിക്കാൻ കഴിയുന്ന ബില്ലാണിത്. വൻകിട കോർപ്പറേറ്റുകളുടെ പേര് പറഞ്ഞ് ഈ നിയമനിർമ്മാണത്തെ എതിർക്കുന്ന പ്രതിപക്ഷ നിലപാട് ഖേദകരമാണ്. തീരപ്രദേശങ്ങൾ പ്രയോജനപ്പെടുത്തി ജനങ്ങളുടെ ജീവിത നിലവാരം ഉയർത്താനും ജി.എസ്.ടി. വരുമാനം വർധിപ്പിക്കാനും ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്താനുമുള്ള തീരുമാനം

അഭിനന്ദനാർഹമാണ്. മാരിടൈം ബോർഡിൽ ഐ.ടി. വിദഗ്ധനെക്കൂടി അംഗമായി ഉൾപ്പെടുത്തുന്നതിന് ബില്ലിൽ വ്യവസ്ഥയുണ്ടാകണം.

ശ്രീ. റോണി കെ. ബേബി: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2026-ലെ കേരളം മാരിടൈം ബോർഡ് (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളം മാരിടൈം ബോർഡ് (ഭേദഗതി) ബിൽ ഭേദഗതി ചെയ്യാനുള്ള തീരുമാനം അഭിനന്ദനാർഹമാണ്. വിഴിഞ്ഞംപോലുള്ള വൻകിട പദ്ധതികളുടെ പ്രയോജനം മലയോര മേഖലകളിലെ ജനങ്ങൾക്കുകൂടി ഉപകാരപ്പെടുന്ന വിധത്തിൽ ആവിഷ്കരിച്ച് നടപ്പാക്കാനും വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിങ് റോഡിനെ ബന്ധിപ്പിച്ചുകൊണ്ട് എം.സി. റോഡിന് സമാന്തരമായി തിരുവനന്തപുരം-അങ്കമാലി ഗ്രീൻഫീൽഡ് ഹൈവേ പദ്ധതി യാഥാർഥ്യമാക്കാനും നടപടിയുണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): തുറമുഖങ്ങളുടെ പരിധിയിൽപ്പെടുന്ന ഭൂമി മാത്രമാണ് മാരിടൈം ബോർഡിന്റെ ലാൻഡ് ബാങ്കിൽ ഉൾപ്പെടുത്തുന്നത്. തുറമുഖങ്ങളുടെ വികസനത്തിലൂടെ സംസ്ഥാനത്തെ കയറ്റുമതി, തൊഴിലവസരങ്ങൾ, റവന്യൂ വരുമാനം എന്നിവയിൽ വലിയ കുതിച്ചുചാട്ടമുണ്ടാകും. സ്വകാര്യ-കോർപ്പറേറ്റ് നിക്ഷേപകരെ ആകർഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരവും തൊഴിലും സംരക്ഷിച്ചുകൊണ്ടുള്ള വികസന പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത്. ഓഷ്യനേറിയം, മാരിടൈം മ്യൂസിയം എന്നിവ യാഥാർഥ്യമാക്കുന്നതോടൊപ്പം സിയാൽ (CIAL) മാതൃകയിൽ ഓഹരികൾ സമാഹരിച്ച് സാധാരണക്കാർക്കും പ്രവാസികൾക്കും നിക്ഷേപാവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യും. ചരക്കുനീക്കം ജലഗതാഗത മാർഗത്തിലേക്ക് മാറ്റുന്നതിനും കൊച്ചി, കോഴിക്കോട്, വിഴിഞ്ഞം എന്നിവിടങ്ങളിൽനിന്ന് പാസഞ്ചർഷിപ് സർവീസുകളും കേരളത്തിലെ പ്രധാന നദികൾ കേന്ദ്രീകരിച്ച് റിവർ ക്രൂയിസും ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കും. മാരിടൈം ലോ, ലോജിസ്റ്റിക്സ് തുടങ്ങിയവ ഉൾപ്പെടെ 12 അക്കാദമിക് പ്രോഗ്രാമുകൾ വിവിധ സ്ഥാപനങ്ങളുടെ കീഴിൽ ആരംഭിക്കുന്നതും തീരദേശത്തെ കുട്ടികൾക്ക് റിസർവേഷനും കോഴ്സ് പൂർത്തിയാക്കുന്നവർക്ക് പ്ലേസ്മെന്റും ഉറപ്പാക്കുന്നതുമാണ്. മിഷൻ സമുദ്ര പദ്ധതി യാഥാർഥ്യമാക്കി നിക്ഷേപങ്ങളും തൊഴിലവസരങ്ങളും വരുമാനവും വർധിപ്പിക്കുന്നതിനുള്ള സമഗ്ര നിയമമാണിത്.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2026-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു

രണ്ടാം വകുപ്പ്

(ഭേദഗതികളില്ല)

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

മുഖ്യമന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

871. ഖണ്ഡം 3(viii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കുന്ന വകുപ്പ് 2(ഇസഡ് എഫ്എ)-ൽ " 22 എ" എന്നതിന് പകരം " 22 എ" എന്ന് ചേർക്കുക.

153, 154, 162, 163, 164, 165, 172, 178, 179, 184, 187, 190, 195, 198, 199, 205, 208, 211, 215 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മുഖ്യമന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

163. ഖണ്ഡം 3(ii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ഡിഎ)-ൽ " രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനി" എന്നതിന് പകരം " സംയോജിപ്പിച്ച കമ്പനി" എന്ന് ചേർക്കുക.

179. ഖണ്ഡം 3(iv) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എഫ്എ)-ൽ " രൂപീകരിക്കപ്പെട്ട" എന്നതിനു പകരം " രൂപീകരിച്ച" എന്ന് ചേർക്കുക.

190. ഖണ്ഡം 3(vi) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(വൈ എ)-ൽ " രൂപീകരിക്കപ്പെട്ട" എന്നതിന് പകരം " രൂപീകരിച്ച" എന്ന് ചേർക്കുക.

മുഖ്യമന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഭേദഗതിയോടെ സ്വീകരിച്ചു.

172. ഖണ്ഡം 3(ii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ഡിഎ) താഴെപ്പറയും പ്രകാരം മാറ്റുക:

"(ഡിഎ) "കൺസെഷനെയർ" എന്നാൽ ബോർഡ് കൺസെഷൻ കരാർ മുഖേന ഉറമുഖത്തിനകത്തോ ഉറമുഖ സൗകര്യത്തിനകത്തോ ഏതെങ്കിലും പ്രവർത്തനം നടത്തുന്നതിനായി ഏതെങ്കിലും അവകാശം, ലൈസൻസ്, പെർമിറ്റ് അല്ലെങ്കിൽ അംഗീകാരം നൽകിയിട്ടുള്ള ഏതൊരു വ്യക്തിയും എന്നർത്ഥമാകുന്നതും ഇതിൽ 2013-

ലെ കമ്പനീസ് ആക്ട് (2013-ലെ 18-ാം കേന്ദ്ര ആക്ട്) പ്രകാരം സംയോജിപ്പിച്ചിട്ടുള്ള കമ്പനി, 1932-ലെ ഇന്ത്യൻ പങ്കാളിത്ത ആക്ട് (1932-ലെ 9-ാം കേന്ദ്ര ആക്ട്) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള പങ്കാളിത്ത സ്ഥാപനം, കൺസോർഷ്യം എന്നിവയും ഉൾപ്പെടുന്നതുമാകുന്നു."

187. ഖണ്ഡം 3(vi)-ൽ 'ഖണ്ഡം' എന്ന വാക്കിനുപകരം 'ഖണ്ഡങ്ങൾ' എന്ന വാക്ക് ചേർക്കേണ്ടതും, (വൈ എ) ഉപഖണ്ഡത്തിനുശേഷം (വൈ ബി) എന്ന ഉപഖണ്ഡം ചേർക്കേണ്ടതുമാണ്.

" (വൈ ബി) " തുറമുഖ സൗകര്യം" എന്നാൽ 2025-ലെ ഇന്ത്യൻ പോർട്ട്സ് ആക്ട് (2025-ലെ 27-ാം കേന്ദ്ര ആക്ട്) 2(1)(v)-ൽ തുറമുഖ സൗകര്യം എന്നർഥമാകുന്നതും അതിൽ ബോർഡിൽ നിക്ഷിപ്തമായിട്ടുള്ള ഭൂമിയും മാരിടൈം മേഖലയുമായോ അനുബന്ധ പ്രവർത്തനവുമായോ ബന്ധപ്പെട്ട പ്രദേശവും ഉൾപ്പെടുന്നതുമാകുന്നു."

205. പ്രധാന ആക്ടിലെ വകുപ്പ് 2(ഇസഡ് എച്ച്) താഴെപ്പറയും പ്രകാരം മാറ്റുക:

" (ഇസഡ് എച്ച്) " ജലയാനം" എന്നാൽ 2025-ലെ ഇന്ത്യൻ പോർട്ട്സ് ആക്ടിലെ (2025-ലെ 27-ാം കേന്ദ്ര ആക്ട്) 2(1)(zj)-ൽ നിർവചിച്ച പ്രകാരമുള്ള ജലയാനം എന്നർത്ഥമാകുന്നു;"

മുഖ്യമന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

200. ഖണ്ഡം 3(viii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ഇസഡ് എഫ്എ)-ൽ "രൂപീകരിച്ചിട്ടുള്ള" എന്നതിന് പകരം "രൂപീകരിച്ച" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാലാം വകുപ്പ്</u>

216, 218, 219, 221, 224, 227, 230, 231, 235, 243, 249, 250, 252, 253, 254, 255 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മുഖ്യമന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

227. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 3(4)(xv)-ൽ " തീര കടലിന്റെയും" എന്നതിന് പകരം " തീരക്കടലിന്റെയും" എന്ന് ചേർക്കുക.

253. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 3(6)-ൽ " പരമാവധി" എന്നതിന് മുൻപ് "നാമനിർദ്ദേശം ചെയ്ത തീയതി മുതൽ" എന്ന് ചേർക്കുക.

254. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 3(6)-ൽ " പരമാവധി മൂന്ന വർഷമായിരിക്കുന്നതാണ്" എന്നതിന് പകരം "മൂന്ന് വർഷത്തിൽ കവിയാൻ പാടില്ലാത്തതാണ്" എന്ന് ചേർക്കുക.

മുഖ്യമന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ സ്വീകരിച്ചു.

255. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 3-ൽ 6-ാം ഉപവകുപ്പിന് ശേഷം 7-ാം ഉപവകുപ്പായി താഴെ പറയുന്നവ ചേർക്കുക;

" (7) നിലവിൽ പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, വിദഗ്ധ അംഗങ്ങൾ ഒഴികെയുള്ള ബോർഡ് അംഗങ്ങളുടെ സ്ഥാനം ലാഭകരമായ ഒരു പദവിയായി കണക്കാക്കപ്പെടുന്നതല്ല."

സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അഞ്ചാം വകുപ്പ്</u>

261, 262, 263, 264, 265, 273, 274, 286, 287 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു

മുഖ്യമന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

274. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(3)-ൽ " വരുന്നിടത്ത്" എന്നതിന് പകരം " വരുന്ന പക്ഷം" എന്ന് ചേർക്കുക.

287. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(3)-ൽ " ആദ്ധ്യക്ഷ്യം" എന്നതിന് പകരം " അദ്ധ്യക്ഷത" എന്ന് ചേർക്കുക.

മുഖ്യമന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ സ്വീകരിച്ചു.

262. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)-ൽ "രാജി കാരണത്താലോ അല്ലാതെയോ ചെയർപേഴ്സൺ സ്ഥാനം ഒഴിവുണ്ടെങ്കിൽ അങ്ങനെയുള്ള" എന്നതിന് പകരം "മറ്റ് കാരണങ്ങളാൽ ചെയർപേഴ്സണ് ബോർഡ് യോഗങ്ങളിൽ സന്നിഹിതനാകാൻ സാധിക്കാത്ത" എന്ന് ചേർക്കുക.

സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി

<u>ആറാം വകുപ്പ്</u>

291-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഏഴാം വകുപ്പ്</u>

മുഖ്യമന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

872. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കുന്ന വകുപ്പ് 7 <u>എ</u>-യിൽ

(i) (ഇസഡ് സി) ഖണ്ഡത്തിൽ "തുറമുഖ പ്രവേശന ഭാഗങ്ങളുടെയോ" എന്നതിന് പകരം "തുറമുഖപ്രവേശങ്ങളുടെയോ" എന്ന് ചേർക്കുക.

ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ്

7 <u>എ</u> (ഇസഡ് പി) താഴെ പറയുന്ന പ്രകാരം മാറ്റുക.

(ii) (ഇസഡ് പി) ഖണ്ഡം താഴെ പറയുന്ന പ്രകാരം മാറ്റുക.

" (ഇസഡ് പി) യാനം, ഉൾനാടൻ ജലയാനം, ബാർജ്, യാട്ട്, ബോട്ട്, ടഗ്, ഡ്രെഡ്ജർ, ജെട്ടി, തുറമുഖം, വാർഫ്, മൂറിങ് എന്നിവയ്ക്ക് ബാധകമാകുന്ന അതത് നിയമങ്ങളിലെയും അവയ്ക്ക് കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾ പാലിച്ചുകൊണ്ട് വിവിധ സർട്ടിഫിക്കറ്റുകൾ, ലൈസൻസുകൾ എന്നിവ നൽകുക;" .

(iii) (ഇസഡ് കൃ) ഖണ്ഡം താഴെ പറയുന്ന പ്രകാരം മാറ്റുക.

" (ഇസഡ് കൃ) ബോർഡിൽ നിക്ഷിപ്തമായിരിക്കുന്ന തുറമുഖേതര ഭൂമികളുടെ ഉൽപാദനപരമായ ഉപയോഗത്തിനായി, കേന്ദ്ര പരിസ്ഥിതി സംരക്ഷണ നിയമത്തിലെയും തീരദേശ പരിപാലന നിയമങ്ങളിലെയും വ്യവസ്ഥകൾക്ക് വിധേയമായി സംയോജിത ടൗൺഷിപ്പുകൾ ഉൾപ്പെടെയുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുക;" .

292, 309, 310, 323, 329, 330, 331, 337, 343, 358, 366, 367, 377, 378, 379, 384, 392, 407, 415, 425, 426, 432, 433, 436, 437, 462, 463, 464, 465, 470, 476, 477, 480, 489, 492, 509, 510, 515, 516, 517, 523, 524, 532, 581, 582, 589, 590, 592, 596, 622, 624, 632, 636, 662, 681, 690, 691, 699, 700, 705, 706, 709 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മുഖ്യമന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

309. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7 എ(എ)-ൽ " ആരംഭിക്കുന്നതിനും" എന്നതിന് പകരം " ആവിഷ്കരിക്കുന്നതിനും" എന്ന് ചേർക്കുക.

407. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7 എ(കെ)-ൽ "സാമ്പത്തികവും" എന്നതിന് പകരം "സാമ്പത്തിക ക്ഷമതയുള്ളതും" എന്ന് ചേർക്കുക.

425. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7 എ(എൽ)-ൽ " മറ്റ്" എന്നതിന് പകരം " അനുബന്ധ" എന്ന് ചേർക്കുക.

433. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7 എ(എം)-ൽ "സർക്കാരിനു" എന്നതിന് പകരം "സർക്കാരിന്" എന്ന് ചേർക്കുക.

462. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7 എ(ഒ)-ൽ "അവയുമായി ബന്ധപ്പെട്ട" എന്നതിന് പകരം "അനുബന്ധ" എന്ന് ചേർക്കുക.

509. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7 എ(എസ്)-ൽ "കപ്പൽ നിർമ്മാണം" എന്നതിന് പകരം "കപ്പൽനിർമ്മാണം" എന്ന് ചേർക്കുക.

524. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7 എ(ഡബ്ല്യു)-ൽ " സർക്കാർ അംഗീകാരത്തോടെ" എന്നതിന് പകരം " സർക്കാരിന്റെ മുൻകൂർ അനുമതിയോടെ" എന്ന് ചേർക്കുക.

582. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7 എ(ഇസഡ് ബി)-ൽ "കപ്പലുകളുടെ" എന്നതിന് പകരം "ഇവയുടെ" എന്ന് ചേർക്കുക.

662. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7 എ(ഇസഡ് എൻ)-ൽ " കടൽ തീരങ്ങളിലും" എന്നതിന് പകരം " കടൽത്തീരങ്ങളിലും" എന്ന് ചേർക്കുക.

681. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7 എ(ഇസഡ് പി)-ൽ " മൂറിങ്ങ്" എന്നതിന് പകരം " മൂറിംഗ്" എന്ന് ചേർക്കുക.

മുഖ്യമന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ സ്വീകരിച്ചു.

491. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7 എ(കൃ)-ൽ "ഫീസ്" എന്നതിനുശേഷം "ടോൾ, ഉണങ്ങൾ, വാടക, വാട്ടർഫ്രണ്ട് റോയൽറ്റി" എന്ന് ചേർക്കുക.

മുഖ്യമന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

346. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7 എ(എഫ്)-ൽ "സഹായങ്ങളും സേവനങ്ങളും" എന്നതിന് പകരം "സഹായങ്ങൾ, സേവനങ്ങൾ എന്നിവ" എന്ന് ചേർക്കുക.

389. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7 എ(ജെ)-ൽ "പരിശോധിക്കുകയും" എന്നതിന് ശേഷം "ആവശ്യമെങ്കിൽ" എന്ന് ചേർക്കുക.

488. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7 എ(കൃ)-ൽ "പ്രകാരവും വ്യവസ്ഥ ചെയ്തതിൻ" എന്നത് ഒഴിവാക്കുക.

519. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7 എ(യു)-ൽ " എന്നിവ" എന്നതിന് പകരം " എന്നിവയുള്ള സൗകര്യം" എന്ന് ചേർക്കുക.

550. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7 എ(വൈ)-ൽ "അഭിവൃദ്ധിപ്പെടുത്തുന്നതിനും" എന്നതിന് പകരം "മെച്ചപ്പെടുത്തുന്നതിനും" എന്ന് ചേർക്കുക.

648. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7 എ(ഇസഡ് ജെ)-ൽ "സ്ഥാപിക്കുകയും" എന്നതിന് പകരം "ആരംഭിക്കുകയും" എന്ന് ചേർക്കുക.

650. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7 എ(ഇസഡ് എം)-ൽ " ഏർപ്പെടുത്തുന്നതിനുതകുന്ന" എന്നതിന് പകരം " ആകർഷിക്കുന്നതിന്" എന്ന് ചേർക്കുക.

698. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7 എ(ഇസഡ് ആർ)-ൽ " ഗതാഗതവും" എന്നതിന് പകരം " ഗതാഗതത്തിനും" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>എട്ടാം വകുപ്പ്</u>

712-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മുഖ്യമന്ത്രി 712-ാം നമ്പർ ഭേദഗതി ഭേദഗതിയോടെ സ്വീകരിച്ചു.

712. ഖണ്ഡം 8(2) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13(2) താഴെപ്പറയും പ്രകാരം മാറ്റുക:

" (2) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ്
സർവീസിൽ നിന്നുള്ള ഒരു ഉദ്യോഗസ്ഥനോ
നിർണ്ണയിക്കപ്പെടാവുന്ന യോഗ്യതയുള്ള ഒരു മാരിടൈം
വിദഗ്ധനോ ആയിരിക്കേണ്ടതാണ് ."

സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒൻപതാം വകുപ്പ്

713, 720, 731, 733, 734, 737, 742, 748, 751, 752 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മുഖ്യമന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

737. ഖണ്ഡം 9 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15 എ(3)-ൽ " വകുപ്പിലെ" എന്നത് ഒഴിവാക്കുക.

സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പത്താം വകുപ്പ്

753, 756, 759, 760, 763, 769, 772, 773, 774, 775 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മുഖ്യമന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

768. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17 എ(3) താഴെപ്പറയും പ്രകാരം മാറ്റുക:

" (3) നിശ്ചയിക്കപ്പെട്ട ദിവസത്തിനും ഈ ഭേദഗതി ആക്ടിനുമിടയിൽ (1)-ാം ഉപവകുപ്പ് പ്രകാരം ബോർഡിൽ നിയമനം ലഭിച്ചിട്ടുള്ള ജീവനക്കാർക്ക് സീനിയോറിറ്റി നഷ്ടമോ സേവന വേതന വ്യവസ്ഥയിൽ ദോഷകരമായ മറ്റു യാതൊരു വിധ മാറ്റങ്ങളോ കൂടാതെ തന്നെ സർക്കാർ ജീവനക്കാരായി തുടരാവുന്നതാണ്."

മുഖ്യമന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

753. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17 എ(1)-ൽ "വകുപ്പിനു" എന്നതിന് പകരം "വകുപ്പിന്" എന്ന് ചേർക്കുക.

756. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17 എ(1)-ൽ "ദിവസത്തിനു" എന്നതിന് പകരം "ദിവസത്തിന്" എന്ന് ചേർക്കുക.

763. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17 എ(1)-ൽ " പരിരക്ഷയും" എന്നതിന് ശേഷം " ആനുകൂല്യങ്ങളും" എന്ന് ചേർക്കുക.

മുഖ്യമന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ സ്വീകരിച്ചു.

759. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17 എ(1)-ൽ "എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്" എന്നതിന് ശേഷം "ജോലിയിലിരിക്കെ മരിച്ച ജീവനക്കാരുടെ ആശ്രിതന് ലഭിച്ച സമാശ്വാസ നിയമനം" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനൊന്നാം വകുപ്പ്

മുഖ്യമന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

873. ഖണ്ഡം 11 (ii) പ്രകാരം ചേർക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 22 (ബി)-യുടെ രണ്ടാം ക്ലിപ്തനിബന്ധനയിൽ ഒരു വർഷം" എന്നതിന് പകരം " ഏറ്റവും ചുരുങ്ങിയത് മൂന്ന് വർഷങ്ങൾക്ക്" എന്ന് ചേർക്കുക.

776, 782, 785, 788, 789 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മുഖ്യമന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

782. ഖണ്ഡം 11(i) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 22(ബി)-ൽ " പാട്ടത്തിനു" എന്നതിന് പകരം " പാട്ടത്തിന്" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

776-ാം നമ്പർ ഭേദഗതിയും 788-ാം നമ്പർ ഭേദഗതിയും നിരാകരിക്കപ്പെട്ടു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പന്ത്രണ്ടാം വകുപ്പ്

മുഖ്യമന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

വകുപ്പ് 22 എ(2)-ൽ 'ഉത്തരവ് വഴി' എന്നത് 'വിജ്ഞാപനത്തിലൂടെ' എന്നും 'ഉത്തരവിൽ' എന്നത് 'വിജ്ഞാപനത്തിൽ' എന്നും മാറ്റേണ്ടതാണ്.

794, 797, 798, 799, 800, 806 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മുഖ്യമന്ത്രി സ്വീകരിച്ചു.

806. ഖണ്ഡം 12 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 22 എ(3)-ൽ "കഴിയുന്നത്രവേഗത്തിൽ" എന്നതിന് പകരം "കഴിയുന്നത്ര വേഗത്തിൽ" എന്ന് ചേർക്കുക.

വാക്കാൽ ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിമൂന്നാം വകുപ്പ്

807, 808 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മുഖ്യമന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ അംഗീകരിച്ചു.

807. ഖണ്ഡം 13 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 63 എ-ൽ "രജിസ്റ്റർ ചെയ്തിട്ടുള്ള" എന്നതിന് പകരം "സംയോജിപ്പിച്ചിട്ടുള്ള" എന്ന് ചേർക്കുക.

സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

808-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനാലാം വകുപ്പ്

(ഭേദഗതിയില്ല)

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനഞ്ചാം വകുപ്പ്

809, 810, 821, 826, 827, 832 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ മുഖ്യമന്ത്രി സ്വീകരിച്ചു.

810. ഖണ്ഡം 15 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 71 എ-ൽ "മറ്റു തുകകൾ എന്നിവയ്ക്കുവേണ്ടി ബോർഡിന് ജലയാനനിധി എന്ന് വിളിക്കുന്ന ഒരു പ്രത്യേക നിധി രൂപീകരിക്കേണ്ടതാണ്" എന്ന് ചേർക്കുക.

സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനാറാം വകുപ്പ്

840, 841, 842, 843, 848, 849 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മുഖ്യമന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

843. ഖണ്ഡം 16(i) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 84(2)-ൽ " കുറവ് ചെയ്യേണ്ടതുമാണ്" എന്നതിന് പകരം " വഹിക്കേണ്ടതാണ്" എന്ന് ചേർക്കുക.

സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനേഴാം വകുപ്പ്

താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി മുഖ്യമന്ത്രി അവതരിപ്പിച്ചു.

874. ഖണ്ഡം 17 പ്രകാരം ചേർക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 103 (1)-ൽ "ഓരോ തുറമുഖത്തിനും വേണ്ടി" എന്നതിന് ശേഷം " , വിജ്ഞാപനം മുഖേന," എന്ന് ചേർക്കുക.

854, 855, 856, 857 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനെട്ടാം വകുപ്പ്

858, 863, 865, 866 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മുഖ്യമന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

863. ഖണ്ഡം 18 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 103 എ-ൽ " അല്ലെങ്കിൽ ഫ്ലോട്ടിങ്ങ് റെസ്റ്റോറന്റ് എന്നിവയുടെ" എന്നതിന് പകരം

" ഫ്ലോട്ടിങ്ങ് റെസ്റ്റോറന്റ് തുടങ്ങി സമാന സ്വഭാവത്തിലുള്ള നിർമ്മിതികളുടെ" എന്ന് ചേർക്കുക.

സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പത്തൊൻപതാം വകുപ്പ്

മുഖ്യമന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

875. 19-ാം ഖണ്ഡം (i) താഴെപ്പറയും പ്രകാരം മാറ്റുക.

" (എ) 15 എ വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കുന്ന എൻഫോഴ്സ്മെന്റ് വിങ്ങിന്റെ ഘടന, പ്രവർത്തനം, ചുമതലകൾ, അധികാരങ്ങൾ എന്നിവ;

(എഎ) 17 എ വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും ഓപ്ഷൻ നൽകുന്നതിനുള്ള ഫാറം;"

867, 868, 869 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മുഖ്യമന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

868. ഖണ്ഡം 19(iv) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 106(2)(ഡിഎ)-ൽ "അല്ലെങ്കിൽ ഫ്ലോട്ടിങ്ങ് റെസ്റ്റോറന്റ് എന്നിവയുടെ" എന്നതിന് പകരം "ഫ്ലോട്ടിങ്ങ് റെസ്റ്റോറന്റ് തുടങ്ങി സമാന സ്വഭാവത്തിലുള്ള നിർമ്മിതികളുടെ" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപതാം വകുപ്പ്

870-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

125, 130, 147 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): 2026-ലെ കേരളം മാരിടൈം ബോർഡ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. പിണറായി വിജയൻ): ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 21 പ്രകാരമുള്ള ജീവിക്കാനുള്ള അവകാശം അട്ടിമറിക്കുന്നതാണ് ഈ ബിൽ. മണ്ണും കടലും വാണിജ്യ താൽപര്യങ്ങൾക്കായി പിടിച്ചെടുക്കാൻ വ്യവസ്ഥ ചെയ്യുന്ന ബിൽ മത്സ്യബന്ധന ഗ്രാമങ്ങളിലെ പത്ത് ലക്ഷത്തിലധികം വരുന്ന മനുഷ്യരെ ആശങ്കയിലും അരക്ഷിതാവസ്ഥയിലുമാക്കുന്നതാണ്. മറ്റ് വകുപ്പുകളുടെ ഭൂമി പിടിച്ചെടുത്ത് ലാൻഡ് ബാങ്ക് രൂപീകരിക്കുന്നതുമൂലം കുടിയൊഴിപ്പിക്കപ്പെടുന്നത് തലമുറകളായി മത്സ്യത്തൊഴിലാളികൾ ഉപയോഗിച്ചുവരുന്ന തീരങ്ങളായിരിക്കും. മത്സ്യബന്ധന തുറമുഖങ്ങളും ലാൻഡിങ് സെന്ററുകളും ഇല്ലാതാക്കി സംയോജിത ടൗൺഷിപ്പുകളും സ്വകാര്യ പദ്ധതികളും വന്നാൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കടലിലേക്കുള്ള സ്വാഭാവിക പ്രവേശനം നഷ്ടമാകും. കായലുകളിലും തീരക്കടലിലും വാട്ടർഫ്രണ്ട് റോയൽറ്റി ഈടാക്കാനുള്ള വ്യവസ്ഥ മനുഷ്യത്വരഹിതമാണ്. പരിശോധനയുടെ പേരിൽ ബോർഡിലെ ഉദ്യോഗസ്ഥർക്ക് അമിതാധികാരങ്ങൾ നൽകുന്നത് തീരദേശത്ത് നിരന്തരമായ ഭയപ്പാടുകൾക്ക് വഴിവയ്ക്കും. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സ്വതന്ത്ര സഞ്ചാരവും തൊഴിലും നിയന്ത്രിക്കുന്നത് നിയമവിരുദ്ധമാണ്. തീരദേശത്തെ ധാതുസമ്പത്ത് കൊള്ളയടിക്കാൻ ലക്ഷ്യമിടുന്ന

കോർപ്പറേറ്റുകളെ സഹായിക്കുന്ന ബില്ലാണിത്. പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ആരംഭിക്കുന്ന പദ്ധതികൾക്ക് കാലപരിധി നിശ്ചയിക്കാത്തത് ഗുണകരമല്ല. തീരദേശത്തെ കോർപ്പറേറ്റ് മാഫിയകൾക്ക് തീറെഴുതിക്കൊടുക്കാനുള്ള സമ്മതപത്രമായതിനാൽ ബില്ലിനോട് യോജിക്കാനും തുടർനടപടികളുമായി സഹകരിക്കാനും പ്രതിപക്ഷം സന്നദ്ധമല്ല.

(ബില്ലിനോട് വിയോജിപ്പ് പ്രകടിപ്പിച്ചുകൊണ്ട് എൽ.ഡി.എഫ്. അംഗങ്ങൾ മുദ്രാവാക്യം വിളിക്കുകയും സഭവിട്ട് പുറത്ത് പോകുകയും ചെയ്തു.)

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): മിഷൻ സമുദ്ര പദ്ധതിക്കെതിരായ പ്രതിപക്ഷത്തിന്റെ സമീപനത്തിൽ വികസന വിരുദ്ധതയാണ് പ്രതിഫലിക്കുന്നത്. മത്സ്യത്തൊഴിലാളികളെ ചേർത്തുപിടിച്ചുകൊണ്ട് അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനാണ് ശ്രമിക്കുന്നത്. രണ്ട് അന്താരാഷ്ട്ര തുറമുഖങ്ങളും ഒരു കണ്ടെയ്നർ സ്റ്റേഷനും 18 മിനി തുറമുഖങ്ങളും സംയോജിപ്പിച്ച് സംസ്ഥാനത്തെ തുറമുഖ നഗരമാക്കി മാറ്റി സമ്പദ്‌വ്യവസ്ഥ ശക്തിപ്പെടുത്തുന്നതിനും കൂടുതൽ തൊഴിലവസരങ്ങളുണ്ടാക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർഥിക്കുന്നു.

2026-ലെ കേരളം മാരിടൈം ബോർഡ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

VII അറിയിപ്പ്

എ.ഐ. ലീഡർഷിപ്പ് പ്രോഗ്രാം

മി.സ്പീക്കർ: നിയമസഭാ സമ്മേളനത്തിനുശേഷം 6.00 മണിക്ക് ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ ഐ.റ്റി. മിഷന്റെ ആഭിമുഖ്യത്തിൽ നിയമസഭാ സാമാജികർക്കായി സംഘടിപ്പിച്ചിട്ടുള്ള എ.ഐ. ലീഡർഷിപ്പ് പ്രോഗ്രാമിൽ എല്ലാവരും പങ്കെടുക്കണമെന്ന് അഭ്യർഥിക്കുന്നു. പ്രസ്തുത പരിപാടിക്കുശേഷം മാസ്കറ്റ് ഹോട്ടലിൽ അത്താഴവിരുന്നും ക്രമീകരിച്ചിട്ടുണ്ട്.

നിയമനിർമ്മാണകാര്യം.....(തുടർച്ച)

(ii) 2026-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2026-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. ടി. സിദ്ദിഖ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. സി. പി. ജോൺ: കേരള മോട്ടോർ വാഹന നികുതി ചുമത്തൽ നിയമത്തിലെ 2, 11 എന്നീ വകുപ്പുകളിലാണ് ഭേദഗതികൾ കൊണ്ടുവന്നിരിക്കുന്നത്. നികുതി അടയ്ക്കാത്ത വാഹനങ്ങൾ പിടിച്ചെടുക്കാനും യാർഡിൽ സൂക്ഷിക്കാനുമാണ് ഈ ഭേദഗതിയിലൂടെ ഉദ്ദേശിക്കുന്നത്.

(നോട്ടീസ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ വിയോജനക്കുറിപ്പും 1 (എ) ഭേദഗതിയും അവതരിപ്പിച്ചില്ല.)

ശ്രീ. സുമേഷ് അച്യുതൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2026-ലെ കേരള മോട്ടോർ വാഹന നികുതിചുമത്തൽ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പിടിച്ചെടുക്കുന്ന വാഹനങ്ങൾ പോലീസ് സ്റ്റേഷനുകളിലും മറ്റ് സ്ഥലങ്ങളിലും അലക്ഷ്യമായി ഇടുന്നത് ഒഴിവാക്കാനും അവ സുരക്ഷിതമായി സംരക്ഷിക്കാനുമായി ഭേദഗതി കൊണ്ടുവന്നത് ശ്ലാഘനീയമാണ്.

(സഭവിട്ട് പുറത്തുപോയ എൽ.ഡി.എഫ്. അംഗങ്ങൾ സഭയിൽ തിരികെ പ്രവേശിച്ചു.)

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2026-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

രണ്ടാം വകുപ്പ്

201, 210, 221, 227, 234, 241, 243, 244, 249, 255, 259, 266, 267, 270, 280, 292, 295 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

210. In section 2(fa) proposed to be inserted in the principal Act by clause 2(a) after the words " means fee" the word " charged" shall be inserted.

സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

325, 340, 347 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

319. In section 11(1A) proposed to be inserted in the principal Act by clause 3(b) for the words " If a vehicle is seized and detained and kept in the safe custody" the words " If a vehicle is seized, detained and kept in safe custody" shall be substituted.

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

121, 127, 151, 159, 168, 172, 187, 191 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ): 2026-ലെ കേരള മോട്ടോർ വാഹന നികുതി ഭേദഗതി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി(ശ്രീ. എൻ. ഷംസുദ്ദീൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. ജി. ആർ. അനിൽ: ഭേദഗതി ബില്ലിലൂടെ സ്ഥാപിക്കാനുദ്ദേശിക്കുന്ന യാർഡുകൾക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനും അവയുടെ ദൈനംദിന നടത്തിപ്പിനും സാമ്പത്തിക ബാധ്യതയുണ്ടാകുമെന്നിരിക്കെ ഇതിനായി സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു അധികചെലവും ഉണ്ടാകില്ലെന്ന് ധനകാര്യ മെമ്മോറാണ്ടത്തിൽ വ്യക്തമാക്കിയിരിക്കുന്നത് നിയമസഭാ ചട്ടങ്ങളുടെ ലംഘനവും സഭയെ തെറ്റിധരിപ്പിക്കുന്നതുമാണ്. ഭേദഗതി ബില്ലിലൂടെ പുതുതായി ഏർപ്പെടുത്തുന്ന റിമൂവൽ ഫീസ്, സ്റ്റോറേജ് ഫീസ് എന്നിവ സർക്കാരിന്റെ വരുമാനമായി സംസ്ഥാന സഞ്ചിത നിധിയിലേക്ക് മുതൽക്കൂട്ടുമോ അതോ സ്വകാര്യ യാർഡ് നടത്തിപ്പുകാർക്ക് നേരിട്ട് ലഭിക്കുമോയെന്ന് ബില്ലിൽ വ്യക്തമാക്കുന്നില്ല. മാതൃനിയമത്തിലെ വകുപ്പ് 11(1)-നുശേഷം കൂട്ടിച്ചേർക്കുന്ന നിർദിഷ്ട ഉപവകുപ്പ് (1A) പ്രകാരം ഫീസുകളുടെ നിരക്കും ഈടാക്കുന്ന രീതിയും ചട്ടങ്ങളിലൂടെ തീരുമാനിക്കാൻ സർക്കാരിന് അധികാരം നൽകുന്നുണ്ടെങ്കിലും ഫീസുകളുടെ പരമാവധി പരിധിയും മാനദണ്ഡവും വ്യവസ്ഥ ചെയ്യാത്തത് എക്സിക്യൂട്ടീവിന് അമിതാധികാരം കൈമാറ്റം ചെയ്യുന്നതിന് തുല്യമാണ്.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: നിർദിഷ്ട ഉപവകുപ്പ് (1A)-യിൽ ഫീസുകളുടെ നിരക്കും ഈടാക്കുന്ന രീതിയും ചട്ടങ്ങളിലൂടെ തീരുമാനിക്കാൻ സർക്കാരിന് അധികാരം നൽകുന്നുണ്ടെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ഫീസുകളുടെ പരിധിയോ മാനദണ്ഡങ്ങളോ സംബന്ധിച്ച് മാതൃനിയമത്തിൽ വ്യവസ്ഥ ചെയ്യാത്തത് എക്സിക്യൂട്ടീവിന് അമിത അധികാരം കൈമാറ്റം ചെയ്യുന്നതിന് തുല്യമാണ്. വാഹനങ്ങൾ മോഡിഫൈ ചെയ്യുന്നതിന് അനുമതി നൽകുന്നതിലൂടെ മോഡിഫൈ ചെയ്യുന്ന വാഹനങ്ങളുടെ എണ്ണം വർധിക്കാനും യാർഡുകൾ മോഡിഫൈ ചെയ്ത വാഹനങ്ങളുടെ യാർഡുകളായി മാറാനും സാധ്യതയുണ്ട്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ): യാർഡുകൾ സ്ഥാപിക്കുന്നത് പി.പി.പി. മാതൃകയിലായതിനാൽ കൺസോളിഡേറ്റഡ് ഫണ്ട് ചെലവഴിക്കേണ്ട ആവശ്യമില്ല. ടാക്സ് ഒടുക്കാത്തതിനാൽ പിടിച്ചെടുക്കുന്ന വാഹനങ്ങൾ സൂക്ഷിക്കാൻ നിലവിലെ നിയമങ്ങളിൽ വ്യവസ്ഥയില്ലാത്തതിനാലാണ് ഭേദഗതി നിർദേശം കൊണ്ടുവന്നിട്ടുള്ളത്. പ്രസ്തുത ബില്ലിലെ വ്യവസ്ഥകൾക്ക് മോഡിഫിക്കേഷനുമായി യാതൊരു ബന്ധവുമില്ല. ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

2026-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ പാസാക്കി.

സഭ വൈകുന്നേരം 4.19-ന് പിരിഞ്ഞു.